**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 3074 — 03.04.2013 ലെ മറുപടിയ്ക്ക്

**എം.എസ്.ഡി.പി. പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) എം.എസ്.ഡി.പി. പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) സാമൂഹികം, സാമ്പത്തികം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ സൂചകങ്ങളിൽ ദേശീയ ശരാശരിയെക്കാൾ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും അവിടത്തെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ് എം.എസ്.ഡി.പി. പദ്ധതി. പതിനൊന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് ഇന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട 90 ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിൽ പദ്ധതി നടപ്പിലാക്കി. പദ്ധതിയിൽ ഉൾപ്പെട്ട ജില്ലകളിൽ നടത്തിയ അടിസ്ഥാന സ്ഥിതിവിവര സർവ്വേയിൽ കണ്ടെത്തിയ വികസന വിടവുകൾ നികത്തുന്നതിനുള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കിയത്. കേരളത്തിൽ നിന്നും വയനാട് ജില്ലയെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. സ്കൂൾ വിദ്യാഭ്യാസത്തിനുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യമൊരുക്കൽ, കുടിവെള്ളം, ചികിത്സാ സൗകര്യത്തിനായി പബ്ലിക് ഹെൽത്ത് സെന്ററുകൾ, പോളിടെക്നിക്കിലെ കമ്പ്യൂട്ടർ ലാബിന്റെ നവീകരണം എന്നീ പദ്ധതികളാണ് വയനാട്ടിൽ നടപ്പാക്കിയത്. |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വേണ്ട സഹായത്തിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;<br><br>(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയൊക്കെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; | (ബി) യും (സി) യും പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിലും പ്രദേശങ്ങളിലും പ്രസ്തുത പദ്ധതി നടത്തുന്നതിനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിനായി കേരളത്തിൽ നിന്നും 50 ബ്ലോക്കുകളുടെ ലിസ്റ്റ് കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരത്തിനായി അയക്കുകയും ആദ്യഘട്ടത്തിൽ വയനാട്ടു ജില്ലയിലെ മാനന്തവാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി, പനമരം ബ്ലോക്കുകളും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണും തെരഞ്ഞെടുക്കുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകൾക്കും പ്രദേശങ്ങൾക്കും |

| | | | |
|---|---|---|---|
| | | | യോജിച്ച പദ്ധതികൾ തയ്യാറാക്കി നൽകുന്നതിന് അതാത് ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. തെരഞ്ഞെടുത്ത ബ്ലോക്കുകൾക്ക്/പ്രദേശങ്ങൾക്ക് പത്തുകോടി രൂപയുടെ വീതം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി സംസ്ഥാനം കൈവരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പതിനൊന്നാം പദ്ധതിക്കാലത്ത് സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട കേന്ദ്ര വിഹിതമായ 22.39 കോടി രൂപയും സംസ്ഥാന വിഹിതമായ 8.18 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. 12-ാം പദ്ധതിക്കാലത്ത് തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക്/ടൗണുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിച്ച് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ നടപ്പാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ